# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

E mail: kauagmet@yahoo.co.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എഎസ് 07/17, വെള്ളിയാഴ്ച്ച    തീയ്യതി 17.02.2017

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.02.2017 | 19.02.2017 | 20.02.2017 | 21.02.2017 | 22.02.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 36 | 36 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 2 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 30 | 30 | 30 | 30 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 020 | 020 | 070 | 070 | 070 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | സിഗാർ എൻഡ് രോഗം | ഉയർന്ന താപനില മൂലവും അന്തരീക്ഷ ആർദ്രത കുറഞ്ഞു വരുന്നതു മൂലവും വാഴക്കുലയിൽ സിഗാർ എൻഡ് രോഗം കണ്ടുവരുന്നു. രോഗം ബാധിച്ച കായ്കളുടെ അറ്റം കറുത്ത് ചുക്കിചുളിയുകയും ആ ഭാഗത്ത് വെളുത്ത പൂപ്പലുകൾ കാണുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇവയെ നിയന്ത്രിക്കാനായി കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| തെങ്ങ് | - | വിത്തു തേങ്ങ സംഭരിക്കാൻ പറ്റിയ സമയമാണിത്. നല്ല വലുപ്പവും കൊപ്രയ്ക്കു താരതമ്യേന കൂടുതൽ ഭാരവും ഉായിരിക്കാം. ഇത്തരം വിത്തു തേങ്ങ വേഗം മുളയ്ക്കും, കരുത്തുള്ളതുമായിരിക്കും. |
| കുരുമുളക് | - | കുരുമുളക് തണ്ടുകൾ മുറിച്ചു വേരു പിടിപ്പിക്കുന്നതിനായി തവാരണകളിൽ പാകേ സമയമാണിത്. കൊടിത്തലകൾ മുറിച്ച് 23 മുട്ടുള്ള കഷണങ്ങളാക്കി പോളിത്തീൻ ഉറകളിൽ നട്ട് മുളപ്പിക്കാം. പോട്ടിങ്ങ് മിശ്രിതത്തിൽ വാം കൾച്ചർ ചേർക്കുന്നത് ചെടികൾക്ക് കരുത്തും രോഗ പ്രതിരോധ ശക്തിയും കൂട്ടും. |
| പച്ചക്കറികൾ (വഴുതന) | കായും തണ്ടും തുരക്കുന്ന കീടം | വഴുതനയിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു ചുടുക. കാര്യമായ ഉപദ്രമുങ്കെിൽ വേപ്പിൻ കുരു സത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. കുരുടിപ്പ്, ഇലകളുടെ മാർദവം നഷ്ടപ്പെടുക, അരിക് വളയുക എന്നിവ വരുത്തുന്ന ചെറുപ്രാണികളെ വെളുത്തുള്ളി നീര് നേർപ്പിച്ച് തളിച്ച് നിയന്ത്രിക്കുക. കൂടാതെ വെളുത്തുള്ളി വേപ്പെണ്ണ സോപ്പ് മിശ്രിതം, വേപ്പ് അടിസ്ഥാനമായുള്ള കീടനാശിനികൾ എന്നിവ മാറി മാറി തളിക്കുക. |